# കേരള സർവകലാശാല

നം.പി.ആർ.190/2019 ഫോൺ: 2305738

## പത്രക്കുറിപ്പ്

### പരീക്ഷ മാറ്റി

കേരള സർവകലാശാല 2019 സെപ്റ്റംബർ 5 ന് നടത്താൻ നിശ്ചയിച്ചിരുന്ന മൂന്നാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി (ത്രിവത്സരം) (പേപ്പർ IV - ഫാമിലി ലോ II) സെപ്റ്റംബർ 18 ലേക്കും, നാലാം സെമസ്റ്റർ എം.എ (മലയാളം) (ML 242 - സംസ്കൃതം പേപ്പർ - II Fables Definitions of Poetic types in Sanskrit Composition and Translation), നാലാം സെമസ്റ്റർ എം.കോം (CO 242 M – Paper II – Industrial Marketing, CO 242 F – Paper II – International Finance) എന്നീ പരീക്ഷകൾ സെപ്റ്റംബർ 20 ലേക്കും മാറ്റി യിരിക്കുന്നു. പരീക്ഷാകേന്ദ്രങ്ങൾക്കും സമയക്രമത്തിനും മാറ്റമില്ല. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### ടൈംടേബിൾ

എം.ബി.എ (മേഴ്സിചാൻസ് – 2009 സ്കീം, ഫുൾടൈം (യു.ഐ.എം ഉൾപ്പെടെ) റെഗുലർ – ഈവനിംഗ് ഡിഗ്രി പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ. ഹാൾടിക്കറ്റുകൾ അവരവർ പഠിച്ച കോളേജുകളിൽ നിന്നും കൈപ്പറ്റി, ഐ.എം.കെ കാര്യവട്ടത്ത് പരീക്ഷ എഴുതേണ്ടതാണ്.

### അവസാന തീയതി

സർവകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് ഗവൺമെന്റ്/എയ്ഡഡ്/സ്വാശ്രയ ട്രെയിനിംഗ് കോളേജുകളിലേയ്ക്ക് 2019 – 21 അദ്ധ്യയന വർഷത്തിലേക്കുള്ള ബി.എഡ് അഡ്മിഷൻ നടത്തുന്നതിനുള്ള അവസാന തീയതി സെപ്റ്റംബർ 7 വരെ നീട്ടിയിരിക്കുന്നു.

### വിദൂര വിദ്യാഭ്യാസം

വിദൂര വിദ്യാഭ്യാസ പഠന കേന്ദ്രത്തിൽ (എസ്.ഡി.ഇ) 2019 – 20 അദ്ധ്യയന വർഷം ബിരുദ, ബിരുദാനന്തര കോഴ്സുകൾക്ക് ഫീസടച്ച് ഓൺലൈൻ രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളിൽ പ്രിന്റൗട്ടും അനുബന്ധരേഖകളും സമർപ്പിക്കാത്തവർ അവ സെപ്റ്റംബർ 6 നകം എസ്.ഡി.ഇ പാളയം ഓഫീസിൽ എത്തിക്കേണ്ടതാണ്. ആഗസ്റ്റ് 31 വരെ ഓൺലൈൻ അപേക്ഷകൾ സമർപ്പിച്ചവർക്ക് സെപ്റ്റംബർ 6 വരെ സർവകലാശാല കാഷ് കൗണ്ടർ/ഓൺലൈൻ പേയ്മെന്റ് പോർട്ടൽ/ഇന്റർനെറ്റ് ബാങ്കിംഗ്/എസ്.ബി.ഐ ചെലാൻ/ഡി.ഡി മുഖേന ഫീസ് അടയ്ക്കാവുന്നതാണ്.

## പരീക്ഷാഫലം

2019 ജൂണിൽ നടത്തിയ എം.എ തമിഴ് ലാംഗേ്വജ് ആന്റ് ലിറ്ററേച്ചർ 2017 – 2019 ബാച്ച് (സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

## കൺസൽട്ടൻസി സർവ്വീസ്

സർവകലാശാലയുടെ കീഴിലുള്ള ജർമ്മൻ പഠന വകുപ്പിൽ ഡിഗ്രി സർട്ടിഫിക്കറ്റ്, മാർക്ക് ലിസ്റ്റ്, ശാസ്ത്ര സാങ്കേതിക രേഖകൾ, പാസ്പോർട്ട്, വിവാഹ സർട്ടിഫിക്കറ്റ്, ഇന്റർപ്രട്ടേഷൻ തർജ്ജമയും അറ്റസ്റ്റേഷനും ജർമ്മൻ ഭാഷയിൽ നിന്നും ഇംഗ്ലീഷിലേക്കും തിരിച്ചുമുള്ള സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാണ്.

തിരുവനന്തപുരം.
03.09.2019

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098